ശൈഖ് മുഹമ്മദ് കാരകുന്ന്

# അഹങ്കാരം കുറ്റകൃത്യങ്ങളുടെ മാതാവ്

**പ്രശസ്തമായ** ഒരു പഴങ്കഥയുണ്ട്. മൂന്നംഗങ്ങളുള്ള ഒരു ദരിദ്ര കുടുംബം. ഭാര്യയും ഭർത്താവും മകളും. അല്ലലും അലട്ടുമില്ലാതെയായിരുന്നു അവരുടെ ജീവിതം. പരാതി പറയാതെ ഉള്ളത് പങ്കിട്ട് സംതൃപ്തിയോടെ അവർ ജീവിച്ചു. അങ്ങനെയായിരിക്കെ മൂവർക്കും ഓരോ വരം ലഭിച്ചു-അവരുടെ ഓരോ പ്രാർഥന വീതം സ്വീകരിക്കപ്പെടുമെന്ന്.

ഭാര്യ പ്രാർഥിച്ചു: 'ഞാൻ ലോകത്തിലെ അതിസുന്ദരിയാവണം.'

അതീവ സുന്ദരിയായി മാറിയതോടെ അവളുടെ അഹങ്കാരത്തിന് അതിരുകളില്ലാതായി. ഭർത്താവിനോട് കടുത്ത പുഛം. അവൾ വിവാഹമോചനം ആവശ്യപ്പെട്ടു.

ഭർത്താവ് അത്യധികം പ്രകോപിതനായി. പ്രതികാരദാഹത്തോടെ അയാൾ പ്രാർഥിച്ചു: 'അവൾ തനി വിരൂപിണിയാവട്ടെ.'

അവൾ ആരിലും അറപ്പുളവാക്കുന്ന വിരൂപിണിയായി മാറി. ഇത് കണ്ട് മകൾക്ക് മാതാവിനോട് സഹതാപം തോന്നി. അവൾ പ്രാർഥിച്ചു: 'എന്റെ മാതാവ് ആദ്യമുണ്ടായിരുന്ന അവസ്ഥയിലാവട്ടെ.'

അങ്ങനെ ആ കുടുംബം പൂർവാവസ്ഥയിലായി. തങ്ങൾക്കു കൈവന്ന മഹാഭാഗ്യം അവർ നഷ്ടപ്പെടുത്തി. എല്ലാറ്റിനും കാരണം അതിമോഹവും അഹന്തയും.

പ്രപഞ്ചത്തിലെ പ്രഥമ പാപി പിശാചാണ്. അവൻ അല്ലാഹുവിനോട് അനുസരണക്കേട് കാണിച്ചു. ആദമിന് സാഷ്ടാംഗം പ്രണമിക്കാൻ കൽപിച്ചപ്പോൾ വിസമ്മതിച്ചു. അഹങ്കാരമായിരുന്നു കാരണം.

അല്ലാഹു ചോദിച്ചു: 'ഞാൻ നിന്നോട് കൽപിച്ചപ്പോൾ സാഷ്ടാംഗം ചെയ്യുന്നതിൽനിന്ന് നിന്നെ തടഞ്ഞതെന്ത്?'

അവൻ പറഞ്ഞു: 'ഞാനാണ് അവനേക്കാൾ മെച്ചം. നീയെന്നെ സൃഷ്ടിച്ചത് തീയിൽനിന്നാണ്. അവനെ മണ്ണിൽ നിന്നും' (ഖുർആൻ 7:12).

ഈ അഹങ്കാരമാണ് പിശാചിന്റെ പതനത്തിന് പാതയൊരുക്കിയത്. അല്ലാഹു പറഞ്ഞു: 'നീ ഇവിടെനിന്ന് ഇറങ്ങിപ്പോകണം. ഇവിടെ നിനക്ക് അഹങ്കരിക്കാൻ അവകാശമില്ല. പോകണം പുറത്ത്. സ്വയം നിന്ദ്യത വരിച്ചവരിൽ പെട്ടവനാണ് നീ' (7:13).

ഭൂമിയിൽ ആദ്യത്തെ തെറ്റ് ചെയ്തത് ഖാബീലാണ്. തന്റെ ആഗ്രഹമാണ് നടക്കേണ്ടതെന്നതും സഹോദരൻ ഹാബീൽ തന്നേക്കാൾ മേലെയാകാൻ പാടില്ലെന്നുമുള്ള അഹന്തയാണ് അയാളെ കൊലപാതകിയാക്കിയത്. അയാളുടെ ബലി നിരാകരിക്കപ്പെടുകയും സഹോദരന്റേത് സ്വീകരിക്കപ്പെടുകയും ചെയ്തത് അംഗീകരിക്കാൻ അഹങ്കാരം അനുവദിച്ചില്ല.

"നീ അവർക്ക് ആദമിന്റെ രണ്ടു പുത്രന്മാരുടെ കഥ വസ്തുനിഷ്ഠമായി വിവരിച്ചുകൊടുക്കുക. അവരിരുവരും ബലി നടത്തിയപ്പോൾ ഒരാളുടെ ബലി സ്വീകാര്യമായി. അപരന്റേത് സ്വീകരിക്കപ്പെട്ടില്ല. അതിനാൽ അവൻ പറഞ്ഞു: ഞാൻ നിന്നെ കൊല്ലുകതന്നെ ചെയ്യും. അപരൻ പറഞ്ഞു: ഭക്തന്മാരുടെ ബലിയേ അല്ലാഹു സ്വീകരിക്കുകയുള്ളൂ." (ഖുർആൻ 5:27). "അങ്ങനെ അവന്റെ മനസ്സ് തന്റെ സഹോദരനെ വധിക്കാൻ തയാറായി. അതിനാൽ അവൻ അയാളെ കൊന്നു. അങ്ങനെ അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിൽ പെട്ടു" (5:30).

സഹോദരന്റെ മൃതശരീരം മറവു ചെയ്യേണ്ടതെങ്ങനെയെന്ന് പഠിപ്പിക്കാൻ ഒരു കാക്ക വേണ്ടിവന്നുവെന്നത് ഖാബീലിന്റെ അഹങ്കാരത്തിനേറ്റ പ്രഹരമായിരുന്നു. "പിന്നീട് അവന് തന്റെ സഹോദരന്റെ മൃതശരീരം മറവു ചെയ്യേണ്ടതെങ്ങനെയെന്ന് കാണിച്ചുകൊടുക്കാനായി അല്ലാഹു ഒരു കാക്കയെ അയച്ചു. അത് മണ്ണിൽ ഒരു കുഴിയുണ്ടാക്കുകയായിരുന്നു. ഇത് കണ്ട് അയാൾ വിലപിച്ചു: 'കഷ്ടം! എന്റെ സഹോദരന്റെ മൃതദേഹം മറവു ചെയ്യുന്ന കാര്യത്തിൽ ഈ കാക്കയെപ്പോലെയാകാൻ പോലും എനിക്കു കഴിഞ്ഞില്ലല്ലോ.' അങ്ങനെ അവൻ കൊടും ഖേദത്തിലകപ്പെട്ടു" (5:31).

സംഘസമൂഹത്തിലേക്ക് നിയോഗിതനായ, ഖുർആൻ പരിചയപ്പെടുത്തിയ ആദ്യത്തെ പ്രവാചകനാണല്ലോ ഹസ്രത്ത് നൂഹ്. നൂഹിന്റെ ജനത അല്ലാഹുവിന്റെ ശാപകോപങ്ങൾക്കിരയായി നശിപ്പിക്കപ്പെട്ടതും അഹങ്കാരത്താൽ തന്നെ.

"നൂഹ് പറഞ്ഞു: നീ അവർക്ക് മാപ്പേകാനായി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ കാതിൽ വിരൽ തിരുകുകയും വസ്ത്രം കൊണ്ട് മൂടുകയുമായിരുന്നു. അവർ തങ്ങളുടെ ദുശ്ശാഠ്യത്തിലുറച്ചുനിന്നു. അങ്ങേയറ്റം അഹങ്കരിക്കുകയും ചെയ്തു" (71:7).

പ്രവാചകന്മാരെ ധിക്കരിക്കാൻ എക്കാലത്തെയും ജനങ്ങളെ പ്രേരിപ്പിച്ചത് അഹങ്കാരമായിരുന്നു. തങ്ങളിൽനിന്നുതന്നെയുള്ള ഒരാൾ ദൈവദൂതനായി നിയോഗിതനാവുന്നത് അംഗീകരിക്കാൻ അഹന്ത അവരെ അനുവദിച്ചില്ല. പ്രവാചകന്മാരോട് അവർ പറഞ്ഞു: "നീ ഞങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്" (ഖുർആൻ 14:10, 21:3, 23:24,33, 26:154,186, 36:15, 64:6, 6:91, 11:27, 23:34).

എല്ലാ ജനസമൂഹങ്ങളും വഴിപിഴക്കാനുള്ള കാരണം അഹങ്കാരത്തിൽ നിന്നുയിരെടുത്ത ഈ ചിന്തയായിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നു: "ജനങ്ങൾക്ക് നേർവഴി വന്നെത്തിയപ്പോഴെല്ലാം അതിൽ വിശ്വസിക്കാൻ അവർക്ക് തടസ്സമായത് 'അല്ലാഹു ഒരു മനുഷ്യനെയാണോ തന്റെ ദൂതനായി നിയോഗിച്ചിരിക്കുന്നത്' എന്ന അവരുടെ വാദമല്ലാതൊന്നുമല്ല" (17:94).

തനിക്കു താൻ പോന്നവനാണെന്ന

അഹങ്കാര ചിന്തയാണ് മനുഷ്യനെ അതിക്രമിയും ധിക്കാരിയുമാക്കുന്നത്: "സംശയമില്ല. മനുഷ്യൻ അതിക്രമിയായിരിക്കുന്നു. തനിക്കു താൻ പോന്നവനായി കണ്ടതിനാൽ" (96:6,7).

"അവരിലൊരുവനെ നമ്മുടെ വചനങ്ങൾ ഓതിക്കേൾപിച്ചാൽ അഹങ്കാരത്തോടെ തിരിഞ്ഞു നടക്കും. അങ്ങനെയൊന്നു കേട്ടിട്ടു പോലുമില്ലാത്തവിധം. അവന്റെ ഇരു കാതുകളിലും അടപ്പുള്ളപോലെ. അതിനാലവനെ നോവേറിയ ശിക്ഷയെ സംബന്ധിച്ച 'ശുഭവാർത്ത' അറിയിക്കുക" (31:17).

സ്വഭാവത്തിലും സമീപനത്തിലും പെരുമാറ്റത്തിലും സംസാരത്തിലും ഹാവഭാവങ്ങളിൽ പോലും അഹങ്കാരത്തിന്റെ നേരിയ അംശം പോലും ഉണ്ടാവരുതെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു.

"നീ ജനങ്ങളുടെ നേരെ മുഖം കോട്ടരുത്. അഹങ്കാരത്തോടെ ഭൂമിയിൽ നടക്കരുത്. അഹന്ത നടിച്ചും പൊങ്ങച്ചം കാണിച്ചും നടക്കുന്ന ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല; തീർച്ച" (31:18).

"നീ ഭൂമിയിൽ അഹങ്കരിച്ചു നടക്കുരുത്. ഭൂമിയെ പിളർക്കാനൊന്നും നിനക്കാവില്ല. പർവതങ്ങളോളം പൊക്കം വെക്കാനും നിനക്കാവില്ല; തീർച്ച (17:37).

നബിതിരുമേനി അരുൾ ചെയ്തിരിക്കുന്നു: "അഹങ്കാരത്തോടെ വസ്ത്രം വലിച്ചിഴച്ചു നടക്കുന്നവനെ അന്ത്യദിനത്തിൽ അല്ലാഹു കടാക്ഷിക്കുകയില്ല" (ബുഖാരി, മുസ്‌ലിം).

കുടുംബശൈഥില്യം, അനീതികൾ, അതിക്രമങ്ങൾ, യുദ്ധങ്ങൾ എല്ലാറ്റിന്റെയും മൂലഹേതു അഹങ്കാരമാണ്. മനുഷ്യനെ സത്യനിഷേധത്തിലേക്ക് നയിക്കുന്നതും മറ്റൊന്നല്ല. "ഭൂമിയിൽ അനർഹമായി അഹന്ത നടിച്ചു നടക്കുന്നവരെ നാം നമ്മുടെ ദൃഷ്ടാന്തങ്ങളിൽനിന്ന് തെറ്റിച്ചുകളയും. എത്ര തെളിവുകൾ കണ്ടാലും അവരതിൽ വിശ്വസിക്കുകയില്ല. സന്മാർഗം കണ്ടാലും സ്വീകരിക്കുകയില്ല. ദുർമാർഗം കണ്ടാലോ അവരത് പിൻപറ്റുകയും ചെയ്യും. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കുകയും അവയെ അവഗണിക്കുകയും ചെയ്തതിനാലാണത്" (7:146).

മനസ്സിൽ അണുവോളം അഹങ്കാരമുള്ളവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്നും (മുസ്‌ലിം) കടുകുമണിത്തൂക്കത്തോളം അഹംഭാവമുള്ളവനെ അല്ലാഹു നരകത്തിൽ മുഖം കുത്തി വലിക്കുമെന്നും (അഹ്മദ്) നബി തിരുമേനി താക്കീത് ചെയ്തിരിക്കുന്നു.

മനസ്സിനെയും വികാര-വിചാരങ്ങളെ പ്രതിഫലിപ്പിക്കുന്ന മുഴുജീവിതമേഖലകളെയും അഹങ്കാരത്തിൽനിന്നും അതിന്റെ എല്ലാവിധ അടയാളങ്ങളിൽനിന്നും പൂർണമായി മോചിപ്പിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്നവരാണ് സത്യവിശ്വാസികൾ. ഇരുലോകത്തും വിജയം വരിക്കുന്നവരും അവർ തന്നെ. ■